A

സമഗ്രശിക്ഷാ കേരളം

905

ആത്യന്തിക വിലയിരുത്തൽ - I 2026 – 2027

സാമൂഹ്യശാസ്ത്രം

ക്ലാസ് : IX

സമയം : $2\frac{1}{2}$ മണിക്കൂർ

ആകെ സ്കോർ : 80

നിർദേശങ്ങൾ

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനു മാത്രം ഉത്തരമെഴുതിയാൽ മതി.
- ഭൂപട ചോദ്യത്തിന് ഉത്തരം നൽകാൻ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഇന്ത്യയുടെ ഭൂപടരൂപരേഖ ഉപയോഗപ്പെടുത്തേണ്ടതാണ്.

1 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (8 X 1 = 8)

1. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ഇന്ത്യയിലെ മധ്യശിലായുഗകേന്ദ്രം കണ്ടെത്തുക.
   A) സ്റ്റാർകാർ B) ഫാഹിയാൻ ഗുഹ
   C) സരൈനഹർറായ് D) സറയ്സ്ക്

2. ടാൻസ് ഹിമാലയവുമായി ബന്ധപ്പെട്ടത് ഏത്?
   i. ടിബറ്റൻ ഹിമാലയം
   ii. സസ്ക്കർ നിരകൾ
   iii. റോഹ്താങ് ചുരം
   A) i, ii B) ii, iii
   C) i, iii D) i, ii, iii

3. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ആദ്യകാലവേദകാലത്തെ സവിശേഷത തിരഞ്ഞെടുക്കുക.
   A) കൃഷിക്ക് പ്രാധാന്യം നൽകി B) സ്ഥിരവാസം
   C) അർധനാടോടികൾ D) ഇരുമ്പിന്റെ ഉപയോഗം

4. പ്രസ്താവനയും കാരണവും വിലയിരുത്തി ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും ശരിയായത് തിരഞ്ഞെടുത്തെഴുതുക.
   പ്രസ്താവന (A) : ഉത്തരേന്ത്യൻ സമതലങ്ങളിൽ നവംബർ - ഡിസംബർ മാസങ്ങളിൽ അതിശൈത്യം അനുഭവപ്പെടുന്നു.
   കാരണം (R) : കാലാവസ്ഥയെ മിതപ്പെടുത്തുന്ന സമുദ്രത്തിന്റെ സ്വാധീനത്തിൽ നിന്നും ഏറെ അകലെയാണ് ഉത്തരേന്ത്യൻ സമതലങ്ങളിലെ മിക്ക പ്രദേശങ്ങളും സ്ഥിതിചെയ്യുന്നത്.
   A) (A) യും (R) ഉം ശരിയാണ് (A) യുടെ ശരിയായ വിശദീകരണമാണ് (R)
   B) (A) യും (R) ഉം ശരിയാണ് (A) യുടെ ശരിയായ വിശദീകരണം അല്ല (R)
   C) (A) യും (R) ഉം തെറ്റാണ്
   D) (A) ശരിയും (R) തെറ്റുമാണ്

5. A കോളത്തിന് അനുയോജ്യമായി B കോളം ക്രമപ്പെടുത്തുക.

A	B
a. കോശം	i. ഭൂമേഖലയും ജനങ്ങളും
b. ദണ്ഡ	ii. ഖജനാവ്
c. ദുർഗം	iii. നീതിന്യായം
d. ജനപദം	iv. കോട്ടകെട്ടി സംരക്ഷിച്ച സ്ഥലം
	v. മന്ത്രിമാർ

A) a - iv b – ii c – iii d - v
B) a - iii b – v c – i d - ii
C) a - i b – v c - ii d - iv
D) a – ii b – iii c – iv d - i

6. ചുവടെ നൽകിയിരിക്കുന്നതിൽ ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തത് എത്?

A) ഭരണഘടനയുടെ പരമാധികാരം
B) ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരങ്ങളിൽ കേന്ദ്രത്തിന് മേൽക്കൈ
C) ബഹുപൗരത്വം
D) ദ്വിമണ്ഡല നിയമനിർമ്മാണസഭ

7. മനുഷ്യമൂലധനത്തെ ശക്തിപ്പെടുത്താൻ സഹായിക്കുന്ന നടപടികൾ തിരിച്ചറിയുക.
a. മെച്ചപ്പെട്ട ആരോഗ്യസൗകര്യങ്ങൾ ഒരുക്കുക
b. വിദ്യാഭ്യാസരംഗത്ത് വൻതോതിലുള്ള നിക്ഷേപം സാധ്യമാക്കുക
c. നൈപുണി വികസനത്തിന് പ്രാധാന്യം നൽകുക

A) a മാത്രം ശരി B) b മാത്രം ശരി
C) a യും b യും ശരി D) a യും b യും c യും ശരി

8. A കോളത്തിന് അനുയോജ്യമായി B കോളം ക്രമപ്പെടുത്തുക.

A	B
a. കാശ്മീർ ഹിമാലയം	i. സൂരജ്താൽ
b. ഹിമാചൽ ഹിമാലയം	ii. നംച്ച ബർവ
c. ഉത്തരാഖണ്ഡ് ഹിമാലയം	iii. കാഞ്ചൻജംഗ പർവതം
d. മധ്യഹിമാലയം	iv. ബുഗ്യാൽ
	v. ദാൽതടാകം

A) a-i, b-iii, c-iv, d-ii B) a-v, b-i, c-iv, d-iii
C) a-iii, b-v, c-ii, d-i D) a-iv, b-ii, c-v, d-iii

9 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം. **(7 x 2=14)**

9. (A) സ്വതന്ത്ര ഇന്ത്യ ജനങ്ങൾക്ക് നൽകിയ പ്രധാനപ്പെട്ട രണ്ടു വാഗ്ദാനങ്ങൾ പൂർത്തിയാക്കാനുള്ള ചുവടുവയ്പായിരുന്നു ഭരണഘടനാനിർമ്മാണസഭയുടെ രൂപീകരണവും ലക്ഷ്യപ്രമേയവും. എന്തെല്ലാമായിരുന്നു ആ വാഗ്ദാനങ്ങൾ?

അല്ലെങ്കിൽ

(B)

> മാനന്തവാടിയിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വിപുലീകരണത്തിനായി 28 ഏക്കർ വനഭൂമി കൈമാറാൻ കേരള സർക്കാർ കേന്ദ്രത്തോട് അനുമതി തേടി

ഈ വാർത്തയിൽ പരാമർശിക്കുന്ന സർക്കാർ നടപടി ഇന്ത്യൻ ഭരണഘടനയിലെ ഏഴാം പട്ടികയിലെ അധികാര വിഭജനം അനുസരിച്ച് ഏത് ലിസ്റ്റുമായി ബന്ധപ്പെട്ടിരിക്കുന്നു? അതിന്റെ സവിശേഷത എന്താണ്?

10 (A) രണ്ട് പ്രധാന ശിലാമണ്ഡല ഫലകങ്ങളുടെ സംയോജനത്തിലൂടെയാണ് ഹിമാലയപർവതം രൂപപ്പെട്ടത്. ഫലകങ്ങൾ ഏതെല്ലാം?

അല്ലെങ്കിൽ

(B) ഗഡ്വാൾ മേഖലയിലെ ബുഗ്യാലുകളിലെ ഋതുഭേദങ്ങൾ (സീസണുകൾ) അവിടത്തെ ആട്ടിടയരുടെ ജീവിതത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.

11. ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ രൂപം കൊണ്ട നവീനാശയങ്ങളുടെ വളർച്ചയിൽ ഗംഗാതടത്തിലെ ഭൗതികസാഹചര്യങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചു. ഇതിന് കാരണമായ ഘടകങ്ങൾ എഴുതുക.

12. ചിത്രം നിരീക്ഷിച്ച് ഈ ഉപകരണങ്ങൾ ഏത് ശിലായുഗത്തിലേതെന്ന് തിരിച്ചറിയുക. ഈ ഉപകരണങ്ങളുടെ സവിശേഷത എഴുതുക.




13.



ചിത്രത്തിൽ A,B എന്നിങ്ങനെ അടയാളപ്പെടുത്തിയിട്ടുള്ള നൈസർഗിക സസ്യജാലങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതുക.

14. ഇന്ത്യൻ ഭരണഘടനയുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

15. ഓരോ വേദകാലവുമായി ബന്ധപ്പെട്ട വേദങ്ങളുടെ പേര് എഴുതി ഡയഗ്രം പൂർത്തീകരിക്കുക.



16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിലധികമോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 3 സ്കോർ വീതം. **(8 x 3 = 24)**

16. (A) സ്തൂപങ്ങളുടെ സവിശേഷതകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

അല്ലെങ്കിൽ

(B) 2500 വർഷങ്ങൾക്ക് മുമ്പ് ഗ്രീസിലെ ഏതൻസിൽ നിലനിന്നിരുന്ന ഭരണ സമ്പ്രദായം ആധുനിക ജനാധിപത്യത്തോട് സാമ്യമുള്ള ഒന്നായിരുന്നു. വിലയിരുത്തുക.

17. (A) തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ ബംഗാൾ ഉൾക്കടൽ ശാഖ ഉത്തരേന്ത്യൻ സമതലത്തിൽ മഴ ലഭ്യമാക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. പ്രസ്താവന വിലയിരുത്തുക.

അല്ലെങ്കിൽ

(B) ഉത്തരേന്ത്യൻ സമതലത്തിലെ ഉഷ്ണകാലത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

18. നവീനശിലായുഗത്തിൽ മൃഗങ്ങളെ ഇണക്കിവളർത്താനും കൃഷി ആരംഭിക്കാനും മനുഷ്യനെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?

19. ഉത്തരേന്ത്യൻ സമതലത്തിലെ പ്രധാന ഭൂപ്രകൃതി വിഭാഗങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. അവ ഓരോന്നും രൂപംകൊള്ളുന്ന സാഹചര്യം വിശദമാക്കുക.

a. ഭാബർ


b. ടെറായ്

c. എക്കൽ സമതലങ്ങൾ

20. ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ചിട്ടുള്ള ഏതൊക്കെ ആശയങ്ങളാണ് ലക്ഷ്യ പ്രമേയത്തിൽ ഉൾപ്പെട്ടിട്ടുള്ളത്?

21. ഹിമാലയപ്രദേശങ്ങൾ വിനോദസഞ്ചാരത്തിന് ഏറെ സാധ്യതയുള്ള ഒരു വരുമാനദായക മേഖലയായി മാറിയിട്ടുണ്ട്. പ്രസ്താവന സാധൂകരിക്കുക.

22. പണത്തിന്റെ പരിണാമപ്രക്രിയയുടെ മൂന്ന് ഘട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു. ഓരോ ഘട്ടത്തിലുമുള്ള പണത്തിന്റെ രൂപങ്ങൾ വ്യക്തമാക്കുക.



A B C

23. മാനവവിഭവം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? മാനവവിഭവശേഷിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

24 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിലധികമോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം. **(6 x 4 = 24)**

24. (A) പിൽക്കാലവേദകാലത്തെ ജനജീവിതത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(B) ആദിമ മനുഷ്യരുടെ ജീവനോപാധികളുമായി ബന്ധമുള്ളതാണ് ഉപകരണങ്ങളുടെ നിർമ്മാണം. പ്രാചീനശിലായുഗത്തിലെ ഉപകരണങ്ങളുടെ ഉപയോഗത്തിന്റെ പ്രധാന ഘട്ടങ്ങൾ വിശദമാക്കുക.

25. (A) ഉത്തരേന്ത്യൻസമതലത്തിൽ പൊതുവെ കാണപ്പെടുന്ന നൈസർഗിക സസ്യജാലങ്ങളിൽ ഒന്നാണ് ചതുപ്പുനിലവനങ്ങൾ. ഇതിന്റെ പ്രധാന സവിശേഷതകൾ എഴുതുക.

അല്ലെങ്കിൽ

(B) ഖാരീഫ്, റാബി എന്നീ കാർഷികകാലങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

26.

